## പതിമൂന്നാം കേരള നിയമസഭ

### പതിനാലാം സമ്മേളനം

2015 ജൂൺ 29, തിങ്കൾ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ഊർജ്ജ വകുപ്പുമന്ത്രി
സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി
ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി
വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

### പോഷകാഹാര പദ്ധതി

*31. ശ്രീ.വി.പി.സജീന്ദ്രൻ
,, ഐ.സി.ബാലകൃഷ്ണൻ
,, എ.റ്റി.ജോർജ്
,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്ര വർഗ്ഗങ്ങളിലെ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും പോഷകാഹാരം നൽകുന്നതിനുള്ള പദ്ധതി പട്ടിക വർഗ്ഗ വികസന വകുപ്പ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പദ്ധതിയിലൂടെ എതെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ആനുകൂല്യങ്ങളും സേവനങ്ങളുമാണ് ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത് ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

### സഹകരണ മേഖലയിൽ പലിശരഹിത ഹ്രസ്വകാല കാർഷിക വായ്പാ പദ്ധതി

*32. ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴയ്ക്കൻ
,, കെ.ശിവദാസൻ നായർ
,, ടി.എൻ. പ്രതാപൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകന് പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് നൽകുന്ന ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിശദാംശങ്ങൾ നൽകുമോ;ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ അവസ്ഥ</u>

*33. ശ്രീ.സി.കെ സദാശിവൻ

,, വി.ചെന്താമരാക്ഷൻ

,, കെ. ദാസൻ

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സർക്കാരിന്റെ പരിശോധനാ വിഭാഗങ്ങളടക്കം, പൊതു മേഖലാ സ്ഥാപനങ്ങളുടെ സ്ഥിതിയെക്കുറിച്ച് നടത്തിയിട്ടുള്ള പരാമർശങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാരിന്റെ കാലത്ത് ബഹുഭൂരിപക്ഷം പൊതുമേഖലാ സ്ഥാപനങ്ങളും തകർച്ച നേരിടുന്നുണ്ടോ ; എങ്കിൽ കാരണങ്ങൾ വ്യക്തമാക്കുമോ?

<u>അഫോർഡബിൾ ഹൗസിംഗ് സ്കീം</u>

*34. ശ്രീ.പാലോട് രവി

,, കെ.മുരളീധരൻ

,, അൻവർ സാദത്ത്

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഫോർഡബിൾ ഹൗസിംഗ് സ്കീമിന് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്കീം വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എല്ലാവർക്കും ഭൂമി, വീട് എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്കീമിന്റെ പ്രവർത്തനങ്ങൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## കാരുണ്യ ബെനവലന്റ് സ്കീം .

*35. ശ്രീ.സി.എഫ്.തോമസ്

,, മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് സ്കീമിന്റെ നേട്ടങ്ങൾ എന്തെല്ലാമാണെന്നു വ്യക്തമാക്കുമോ;

(ബി) മാരക രോഗങ്ങൾക്ക് തുടർ ചികിത്സ ആവശ്യമായി വരുന്ന നിർദ്ധന രോഗികൾക്ക് അധിക തുക പ്രത്യേകമായി അനുവദിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാനുള്ള പദ്ധതികൾ

*36. ശ്രീ.കെ. ദാസൻ

,, എ.കെ.ബാലൻ

,, കെ.വി.അബ്ദുൾ ഖാദർ

,, രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനുവദിക്കപ്പെട്ട കേന്ദ്ര വൈദ്യുതി വിഹിതം സ്വീകരിക്കാനുള്ള സംവിധാനം ഒരുക്കാൻ സംസ്ഥാനത്തിന് സാധിച്ചിട്ടുണ്ടോ ;

(ബി) വൈദ്യുതി സംസ്ഥാനത്തേക്ക് എത്തിക്കാൻ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) പുതുതായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയായിരുന്നു ; അവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ ; അവ ഏത് വർഷത്തിൽ പൂർത്തിയാക്കാനായിരുന്നു ലക്ഷ്യമിട്ടിരുന്നത് ?

## വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ

*37. ശ്രീ.വി.ഡി.സതീശൻ

,, ആർ . സെൽവരാജ്

,, എം.എ. വാഹീദ്

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകാനായി സഹകരണ മേഖലയെ പ്രയോജനപ്പെടുത്തിയത് എപ്രകാരമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി സഹകരണ സംഘങ്ങളും കൺസ്യൂമർഫെഡും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിത്യോപയോഗ സാധനങ്ങൾ വില കുറച്ച് നൽകുന്നതിനായി ഏതെല്ലാം തരത്തിലുള്ള സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട് ; വിശദമാക്കാമോ;

(ഡി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താൻ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദമാക്കാമോ?

റെയിൽ വികസനത്തിനും ഗതാഗതത്തിനും സർവ്വേകൾ

*38. ശ്രീ.കെ.സുരേഷ് കുറുപ്പ്

,, കോടിയേരി ബാലകൃഷ്ണൻ

,, കെ.കുഞ്ഞിരാമൻ **(**ഉദുമ**)**

ശ്രീമതി.കെ.കെ.ലതിക **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽ വികസനത്തിനും ഗതാഗതത്തിനും ഏറെ പ്രയോജനകരമാവുന്ന ഏതെല്ലാം സർവ്വേകൾ പൂർത്തീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കാമോ ;

(ബി) ഇത്തരത്തിൽ സർവ്വേ പൂർത്തിയാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ;

(സി) ഇക്കാര്യത്തിൽ പ്രയോജനകരമായ പദ്ധതികൾ പ്രാവർത്തികമാക്കാൻ സാധിക്കാത്തത് സംസ്ഥാന സർക്കാരിന്റെ അലംഭാവം കൊണ്ടുകൂടിയാണെന്ന ആക്ഷേപം നിലവിലുണ്ടോ ; നിലപാട് വ്യക്തമാക്കാമോ ?

ഊർജ്ജ ഉപഭോഗം

*39. ശ്രീ.എം.ഉമ്മർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, പി.കെ.ബഷീർ

,, അബ്ദുറഹിമാൻ രണ്ടത്താണി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ ഉപഭോഗം , വിശേഷിച്ചും വേനൽക്കാലത്ത് ക്രമാതീതമായി വർദ്ധിക്കുന്നത് നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;

(ബി) ഈ സമയത്തെ വർദ്ധിച്ച ഉപഭോഗത്തിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നല്കാമോ ;

(സി) വേനൽക്കാലത്തും ഏറ്റവും തിരക്കേറിയ സമയങ്ങളിലും തീർത്തും ആഡംബരാവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്നതു നിയന്ത്രിക്കാൻ എന്തൊക്കെ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ; വിശദമാക്കുമോ ?

ജോബ് ഫെയർ

*40. ശ്രീ.ഹൈബി ഈഡൻ

,, ഷാഫി പറമ്പിൽ

,, പി.സി വിഷ്ണുനാഥ്

,, വി.റ്റി.ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജോബ് ഫെയർ സംഘടിപ്പിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) ജോബ് ഫെയറിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) ഏതെല്ലാം ഏജൻസികളാണ് ജോബ് ഫെയറുമായി സഹകരിച്ചതെന്ന് വിശദമാക്കുമോ ;

(ഡി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ജോബ് ഫെയർ വഴി പൂർത്തീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

## എൽ. എൻ. ജി . പദ്ധതിക്കുള്ള കേന്ദ്രസഹായം

*41. ശ്രീ.ബാബു എം. പാലിശ്ശേരി

,, എസ്.ശർമ്മ

,, കെ.കുഞ്ഞിരാമൻ **(ഉദുമ)**

ശ്രീമതി.കെ.എസ്.സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൽ. എൻ. ജി . പദ്ധതിക്ക് ലഭിക്കേണ്ട കേന്ദ്രസഹായം ലഭിക്കുന്നതിന് സാദ്ധ്യമല്ലാത്ത സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

(സി) എൽ. എൻ. ജി. പദ്ധതിക്ക് അർഹമായ കേന്ദ്രസഹായം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത നടപടിക്രമങ്ങളിലേതെങ്കിലും പാലിക്കാൻ സംസ്ഥാനത്തിന് സാധ്യമാകാത്തത് പദ്ധതി പ്രവർത്തനങ്ങൾക്ക് വിഘാതമായിട്ടുണ്ടോ ;

(ഇ) എങ്കിൽ അത് എന്താണെന്നും ആയതു സാദ്ധ്യമാകാത്തത് എന്തുകൊണ്ടെന്നും വ്യക്തമാക്കുമോ?

## നബാർഡും സഹകരണ മേഖലയും

*42. ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

,, ജി.സുധാകരൻ

,, കെ.വി.വിജയദാസ്

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ പ്രവർത്തനം സഹകരണമേഖല വഴി സമൂഹത്തിൽ സഹായമെത്തിക്കുന്നതിൽ എത്രത്തോളം സഹായകമാകുന്നുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും നിലപാടുകൾ നബാർഡ് നൽകിവരുന്ന

എതെങ്കിലും പദ്ധതികൾ സംസ്ഥാനത്തെ സഹകരണ മേഖലയിൽ തുടരുന്നത് അസാദ്ധ്യമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ അത് സംസ്ഥാനത്തെയും സഹകരണ മേഖലയെയും ഏത് തരത്തിൽ പ്രതികൂലമായി ബാധിക്കുന്നുവെന്നും ഇത് തരണം ചെയ്യുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കാമോ?

<u>നികുതി വരുമാനം</u>

*43. ശ്രീ.പി.ബി. അബ്ദുൾ റസാക്

,, പി.ഉബൈദുള്ള

,, സി.മമ്മൂട്ടി

,, കെ.എൻ.എ.ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ സാമ്പത്തികവർഷം പ്രതീക്ഷിത നികുതി വരുമാനം നേടിയെടുക്കാനാവുമെന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ ;

(ബി) നികുതി വരുമാനത്തിൽ എത്രത്തോളം കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) പ്രതീക്ഷിത വരുമാനത്തിലെ കുറവ് വികസന പ്രവർത്തനങ്ങളെ ബാധിക്കാതിരിക്കാൻ സ്വീകരിച്ച മുൻകരുതൽ നടപടികൾ വിശദമാക്കുമോ?

<u>ലോട്ടറി രംഗത്തെ കർമ്മപദ്ധതികൾ</u>

*44. ശ്രീ.എം.പി.വിൻസെൻറ്

,, വി.ഡി.സതീശൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, ബെന്നി ബെഹനാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് അന്വേഷിക്കാൻ കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ഡി) സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ - കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ ; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്നത്തേയ്ക്ക് ലഭ്യമാകും ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ആദിവാസി മേഖലയിലെ കുട്ടികളുടെ വിദ്യാഭ്യാസം

*45. ശ്രീ.എസ്.രാജേന്ദ്രൻ

,, കെ.രാധാകൃഷ്ണൻ

,, ആർ. രാജേഷ്

,, പുരുഷൻ കടലുണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം ലഭിക്കുന്നതിന് നിലവിൽ അനുഭവപ്പെടുന്ന ദുരിതങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസി കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് അടിസ്ഥാന സൗകര്യമൊരുക്കാൻ വിനിയോഗിക്കുന്ന തുകകൾ യഥാവിധി ഉപയോഗപ്പെടുത്തിയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; നിലപാട് വ്യക്തമാക്കുമോ;

(സി) കിലോമീറ്ററുകളോളം യാത്ര ചെയ്ത് വിദ്യാലയത്തിൽ എത്തുന്ന കുട്ടികൾക്ക് ഭൂരിപക്ഷം പ്രദേശങ്ങളിലും ആവശ്യമായ റോഡുകളും മറ്റ് ഗതാഗത സൗകര്യങ്ങളും ഒരുക്കിയിട്ടില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കുമോ;

(ഡി) തുടർപഠനം നടത്തുന്നതിന് സൗകര്യം അപര്യാപ്തമായതിനാൽ ഭൂരിഭാഗം ആദിവാസി കുട്ടികൾക്കും അർഹമായ തുടർപഠനം നടത്തുന്നതിന് സാധ്യമാകാത്ത സാഹചര്യമാണ് നിലവിലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലപാട് വ്യക്തമാക്കാമോ?

പരമ്പരാഗത വ്യവസായങ്ങളെ തകർച്ചയിൽനിന്ന് രക്ഷിക്കുന്നതിന് നടപടി

*46. ശ്രീ.കെ.കുഞ്ഞിരാമൻ **(തൃക്കരിപ്പൂർ)**

,, എളമരം കരീം

,, സി.കൃഷ്ണൻ

,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർച്ച നേരിടുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന് ക്രിയാത്മകമായ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(ബി) പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് വ്യക്തമായി പഠനം നടത്തി പരിഹാര നടപടികൾ കണ്ടെത്താത്തതാണ് അവയുടെ തകർച്ചയ്ക്ക് കാരണമെന്ന പരാതിയിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച മൂലം ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും കുടുംബങ്ങൾക്കും ഉണ്ടായ ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## വ്യാവസായിക വികസനം

*47. ശ്രീ.മോൻസ് ജോസഫ്

,, റ്റി.യു. കുരുവിള

,, സി.എഫ്.തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക വികസനം ത്വരിതപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## **2011-**ലെ ധവളപത്രം

*48. ശ്രീ.എളമരം കരീം

,, എം.എ.ബേബി

,, എം. ഹംസ

,, കെ.കെ.ജയചന്ദ്രൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011ൽ പുറപ്പെടുവിച്ച ധവളപത്രത്തിൽ 2014-15 ആകുമ്പോൾ റവന്യൂ കമ്മി പൂർണ്ണമായും ഇല്ലാതാക്കുമെന്ന വാഗ്ദാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റവന്യൂ കമ്മി ഇല്ലാതാക്കുമെന്ന വാഗ്ദാനം നിറവേറ്റുന്നതിൽ സർക്കാർ പരാജയപ്പെട്ടിട്ടുണ്ടോ ;എങ്കിൽ അതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ധനകാര്യമാനേജ്മെന്റ് അഴിമതിയും കെടുകാര്യസ്ഥതയും നിറഞ്ഞതായത് സംസ്ഥാനത്ത് റവന്യൂ കമ്മി വർദ്ധിക്കുന്നതിന് കാരണമായെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിഗതികളെ കുറിച്ചുള്ള ഒരു ധവളപത്രം പുറപ്പെടുവിക്കാൻ തയ്യാറാകുമോ?

## മലിനീകരണ നിയന്ത്രണം

*49. ശ്രീ.പി.കെ.ബഷീർ

,, കെ.മുഹമ്മദുണ്ണി ഹാജി

,, അബ്ദുറഹിമാൻ രണ്ടത്താണി

,, എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരീക്ഷ മലിനീകരണ നിയന്ത്രണത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കുമോ ;

(ബി) വാഹനങ്ങളുണ്ടാക്കുന്ന മലിനീകരണം നിയന്ത്രിക്കാൻ നിലവിലുള്ള സംവിധാനം ഫലപ്രദമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) പട്ടണങ്ങളിലെ അന്തരീക്ഷ മലിനീകരണതോത് ഏത്രയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് നടപടി</u>

*50. ശ്രീ.ബി.സത്യൻ

,, പി.ശ്രീരാമകൃഷ്ണൻ

,, കെ.കെ.നാരായണൻ

,, ബി.ഡി. ദേവസ്സി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിന് യഥാസമയം നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ പൊതുമേഖലയോടുള്ള സമീപനത്തിലെ ഉദാസീനതയാണ് തകർച്ചക്കു കാരണമെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാരിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഭൂരഹിതരായ ആദിവാസികൾക്ക് സമയപരിധിക്കുള്ളിൽ ഭൂമി നൽകാൻ നടപടി</u>

*51. ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

,, എം.ചന്ദ്രൻ

,, പി.ടി.എ. റഹീം

ശ്രീമതി.കെ.എസ്.സലീഖ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഭൂരഹിതരായ മുഴുവൻ ആദിവാസികൾക്കും ഏത് കാലയളവിൽ ഭൂമി നൽകുമെന്നാണ് പ്രഖ്യാപിച്ചിരുന്നത് ;

(സി) ഭൂരഹിതരായ ആദിവാസികൾക്ക് നൽകാനെന്ന പേരിൽ വാസയോഗ്യമല്ലാത്ത ഭൂമി വൻ തുകകൾക്ക് വാങ്ങിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ?

<u>പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ</u>

*52. ശ്രീ.എം. ഹംസ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.കെ.സുരേഷ് കുറുപ്പ്

,, റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം സംസ്ഥാനങ്ങളുമായി വിഭജിക്കാവുന്ന നികുതി വരുമാനത്തിന്റെ 42% സംസ്ഥാനങ്ങൾക്ക് കൈമാറാനും നൽകി വന്നിരുന്ന ഗ്രാന്റ് തുകയിൽ വെട്ടിക്കുറവ് വരുത്താനുമുള്ള കേന്ദ്ര തീരുമാനം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) കേന്ദ്ര നിലപാടിന്റെ ഗുണദോഷ ഫലങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തലുകൾ വെളിപ്പെടുത്താമോ ;

(സി) നടപ്പ് സാമ്പത്തികവർഷം കേന്ദ്രനികുതി ഇനത്തിൽ കൂടുതലായി ലഭിക്കുമെന്ന് കരുതുന്ന തുക എത്രയെന്നും ഗ്രാന്റിനത്തിൽ പ്രതീക്ഷിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് കേന്ദ്രസഹായമായി പ്രതീക്ഷിക്കുന്ന തുക എത്രയാണ് ; 2015-2016 വർഷത്തെ ബജറ്റിൽ മേല്പറഞ്ഞ ഓരോന്നിനും കണക്കാക്കപ്പെട്ട തുക എത്ര വീതമായിരുന്നുവെന്ന് അറിയിക്കുമോ ?

<u>ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ്</u>

*53. ശ്രീ.വി.ശശി

,, ഇ.ചന്ദ്രശേഖരൻ

,, ചിറ്റയം ഗോപകുമാർ

,, കെ.അജിത് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ന്യൂട്രീഷ്യൻ മോണിറ്ററിംഗ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം ഗ്രാമപ്രദേശങ്ങളെ അപേക്ഷിച്ച് ആദിവാസികൾക്കിടയിൽ പോഷകാഹാരക്കുറവ് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആദിവാസികൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>സഹകരണമേഖല ശക്തിപ്പെടുത്തൽ</u>

*54. ശ്രീ.ഇ.പി.ജയരാജൻ

,, എം.ചന്ദ്രൻ

,, പി.ടി.എ. റഹീം

,, കെ.കെ.നാരായണൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനും ജനോപകാര പ്രദമാക്കുന്നതിനും ഈ സർക്കാരിന്റെ നിലപാടുകൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാരിന്റെ നടപടികൾ പലതും, സഹകരണ സ്ഥാപനങ്ങൾ മുഖേന നല്ല രീതിയിൽ നടപ്പിലാക്കിയിരുന്ന ജനോപകാര പദ്ധതികൾക്ക് പ്രതിസന്ധി സൃഷ്ടിച്ചതായി ആക്ഷേപമുണ്ടോ ; നിലപാട് വ്യക്തമാക്കുമോ ;

(സി) സഹകരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ സഹായവും സംരക്ഷണവും നൽകാതെ, അവ തകരാനിടയാക്കുന്ന നിലപാടുകൾ സ്വീകരിച്ചാൽ സാമൂഹ്യമായി ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ഡി) സഹകരണ സ്ഥാപനങ്ങൾക്ക് തകർച്ചയുണ്ടാക്കുന്നതായി ആക്ഷേപിക്കപ്പെട്ട കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിലപാടുകൾ തിരുത്തുന്നതിനും സഹകരണമേഖല ശക്തിപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിൽ നിലപാട് വ്യക്തമാക്കാമോ?

<u>ആശ്വാസ് പദ്ധതി</u>

*55. ശ്രീ.സണ്ണി ജോസഫ്

,, ബെന്നി ബെഹനാൻ

,, വർക്കല കഹാർ

,, സി.പി.മുഹമ്മദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ ആശ്വാസ് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികൾ മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളും സഹായങ്ങളുമാണ് ഇതുവരെ നൽകിയതെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഏതെല്ലാം തലത്തിലുള്ള സഹകരണ സംഘങ്ങളും ബാങ്കുകളുമാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയതെന്ന് വിശദമാക്കുമോ?

<u>നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി</u>

*56. ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.റ്റി.വി.രാജേഷ്

,, എ.എം. ആരിഫ്

,, ആർ. രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നടത്തിയ നിക്ഷേപ സംഗമങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഓരോ സംഗമം മുഖേനയും ലക്ഷ്യമിട്ട നിക്ഷേപം സാദ്ധ്യമായിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ

അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കുമോ ;

(സി) നിക്ഷേപ സംഗമങ്ങളിൽ നൽകുന്ന വാഗ്ദാനങ്ങളും, പങ്കെടുക്കുന്നവർ ആവശ്യപ്പെടുന്ന കാര്യങ്ങളും പ്രായോഗികമാക്കുന്നതിന് സാദ്ധ്യമാകുന്നവയായിരുന്നോയെന്ന് വ്യക്തമാക്കുമോ ?

<u>കമ്പ്യൂട്ടറൈസ്ഡ് ലോട്ടറി നറുക്കെടുപ്പ്</u>

*57. ശ്രീ.എ. കെ. ശശീന്ദ്രൻ

,, തോമസ് ചാണ്ടി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടറൈസ്ഡ് ലോട്ടറി നറുക്കെടുപ്പിന്റെ സുതാര്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യകതമാക്കാമോ:

(ബി) കമ്പ്യൂട്ടറൈസ്ഡ് ലോട്ടറി നറുക്കെടുപ്പിൽ മുൻകൂറായി പ്രോഗ്രാം ചെയ്തുവയ്ക്കുന്നുവെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനായി നറുക്കെടുപ്പിന് മുൻപായി പ്രസ്തുത സംവിധാനം പരിശോധിക്കാൻ പ്രത്യേകം വിദഗ്ധരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ആദിവാസികൾക്കിടയിലെ മദ്യപാനാസക്തി</u>

*58. ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ

,, സി.മോയിൻ കുട്ടി

,, എൻ. ഷംസുദ്ദീൻ

,, കെ.എം.ഷാജി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികൾക്കിടയിലെ വർദ്ധിച്ച മദ്യപാനാസക്തി സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആദിവാസികൾക്കിടയിലെ അമിത മദ്യപാനം മൂലമുള്ള മരണങ്ങൾ സാധാരണ സംഭവമായി മാറുന്നതിന്റെ കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ ;

(സി) ഇക്കാര്യത്തിൽ ബോധവത്ക്കരണത്തിന് നിയോഗിക്കപ്പെട്ടിട്ടുള്ള സാമൂഹ്യ പ്രവർത്തകരിൽ നിന്നും വിവരശേഖരണം നടത്തി ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

<u>സംസ്ഥാനത്തിന്റെ കടബാദ്ധ്യത .</u>

*59. ശ്രീ.വി.ചെന്താമരാക്ഷൻ

,, വി.ശിവൻകുട്ടി

,, പി.കെ.ഗുരുദാസൻ

ഡോ.കെ.ടി.ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കടബാദ്ധ്യത ഈ സർക്കാരിന്റെ കാലത്ത് അതിഭീമമായ തോതിൽ വർദ്ധിച്ചതായ ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കഴിഞ്ഞ നാല് വർഷങ്ങളിലെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ബഹുഭൂരിപക്ഷവും നടപ്പിലാക്കാത്തപ്പോഴും കടബാദ്ധ്യത ഏറിയതിന്റെ കാരണം വിശദമാക്കാമോ;

(സി) വിഭവ സമാഹരണം ഫലപ്രദമായി നടപ്പാക്കേണ്ട മേഖലകളിലേ അഴിമതി ഔദാര്യങ്ങൾ എന്നിവ കാരണം സമ്പദ്‌വ്യവസ്ഥയ്ക്ക് കോട്ടം സംഭവിയ്ക്കുന്നുവെന്ന ആക്ഷേപം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

<u>കഴിഞ്ഞ നാല് വർഷത്തെ ബജറ്റുകളിൽ നടപ്പിലാക്കാൻ സാധിക്കാത്ത പദ്ധതികൾ</u>

*60. ശ്രീമതി.കെ.എസ്.സലീഖ
ശ്രീ.കെ.രാധാകൃഷ്ണൻ
,, പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാല് വർഷത്തെ ബജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികളിൽ നടപ്പിലാക്കാൻ സാധിക്കാത്തവയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കാത്തതു മൂലം സംസ്ഥാനത്തിനുണ്ടായ നഷ്ടം എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പദ്ധതികൾ പ്രാവർത്തികമാക്കുന്നതിന് തുടർ പ്രവർത്തികൾ ചെയ്യേണ്ടുന്നതിൽ വീഴ്ച വരുന്നതിന്റെ പ്രധാന കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2013-14-ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ നടപ്പിലാക്കിയതിന്റെ നിജസ്ഥിതി സി&എ.ജി. വിലയിരുത്തുകയുണ്ടായിട്ടുണ്ടോ; ഇതേക്കുറിച്ചുള്ള ധനകാര്യ വകുപ്പിന്റെ നിലപാട് വിശദമാക്കാമോ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
null

പി.ഡി.ശാരംഗധരൻ,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].